പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5224 27.06.2019 -ൽ മറുപടിക്ക്.

## ആശുപത്രികൾക്കും അഭയ കേന്ദ്രങ്ങൾക്കുമുള്ള റേഷൻ

ചോദ്യം

**ഡോ.എം. കെ. മുനീർ**

(എ) മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള ആശുപത്രികൾക്കും അഭയ കേന്ദ്രങ്ങൾക്കുമുള്ള സൗജന്യ നിരക്കിലുള്ള റേഷൻ നിർത്തലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നടപടി പുനഃപരിശോധനക്ക് വിധേയമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

മറുപടി

**ശ്രീ. പി. തിലോത്തമൻ**

**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) (ബി) & (സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, സർക്കാർ ധർമ്മസ്ഥാപനങ്ങൾ, മാനസിക രോഗാശുപത്രികൾ, ത്വക്ക് രോഗചികിത്സാ കേന്ദ്രങ്ങൾ മുതലായ കേന്ദ്രങ്ങൾക്ക് എസ്റ്റാബ്ലിഷ്മെന്റ്/ എ.പി.എൽ പെർമിറ്റുകൾ പ്രകാരം നല്കിയിരുന്ന ഭക്ഷ്യധാന്യം 01/2019 മുതൽ നിർത്തി വച്ചിരുന്നു. ഇത്തരം പെർമിറ്റുകൾക്ക് മുൻഗണനേതര വിഭാഗത്തിനുള്ള ടൈഡ് ഓവർ വിഹിതത്തിൽ നിന്നും വകമാറ്റിയാണ് ഭക്ഷ്യധാന്യ വിതരണം നടത്തിയിരുന്നത്. എന്നാൽ പ്രസ്തുത വിഹിതം അപര്യാപ്തമായതിനാൽ ഈ പെർമിറ്റ് താല്ക്കാലികമായി പുതുക്കി നല്കിയിരുന്നില്ല. എന്നാൽ ഇത്തരം സ്ഥാപനങ്ങളെ കൂടി സംസ്ഥാനത്തെ ക്ഷേമ സ്ഥാപനങ്ങളായ അഗതി മന്ദിരങ്ങൾ, വൃദ്ധ സദനങ്ങൾ എന്നിവയും എസ്.സി/എസ്.റ്റി/ ഒ.ബി.സി ഹോസ്റ്റലുകൾ എന്നിവയും ഭക്ഷ്യധാന്യങ്ങൾ നല്കുന്ന കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി വെൽഫെയർ പെർമിറ്റ് പ്രകാരം ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാൻ കഴിയുമോ എന്ന കാര്യം സജീവമായി പരിഗണിച്ചു വരുന്നു. സാമൂഹ്യ നീതി വകുപ്പിന്റെ ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തു സാക്ഷ്യപത്രം ഹാജരാക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും നിലവിൽ വെൽഫെയർ പെർമിറ്റ് അനുവദിച്ച് നല്കിയും ആയതിൻ പ്രകാരം ഭക്ഷ്യധാന്യം വിതരണം നടത്തുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ